REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ആലപ്പുഴ അർത്തുങ്കൽ മൽസ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണം ഉച്ചയ്ക്ക് ഓൺലൈനായി ഉദ്ഘാടനം ചെയ്യും.
- വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവരെ ചേർത്തു പിടിച്ച് മികച്ച പുനരധിവാസ പദ്ധതി നടപ്പാക്കാൻ മുഖ്യമന്ത്രി വിളിച്ച സർവ്വ കക്ഷിയോഗത്തിൽ തീരുമാനം.
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയുടെ ശീതൾ ദേവിയും രാകേഷ്കുമാറും അമ്പ് എയ്ത്ത് മിക്സഡ് കോമ്പൗണ്ട് വിഭാഗത്തിൽ ക്വാർട്ടറിലെത്തി.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ആലപ്പുഴയിലെ അർത്തുങ്കൽ മൽസ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണം ഉച്ചയ്ക്ക് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കേന്ദ്രഗവണ്മെന്റിന്റെ മത്സ്യ മേഖലാ അടിസ്ഥാന സൗകര്യ

വികസന ഫണ്ടിൽ നിന്ന് 150 കോടി 73 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് മൂന്നാം ഘട്ട പദ്ധതിക്ക് ലഭിച്ചത്.

മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകുന്ന ഉദ്ഘാടനച്ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി P. പ്രസാദ്, K.C വേണുഗോപാൽ MP തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. മത്സ്യത്തൊഴിലാളികളുടെ നിരന്തര അഭ്യർത്ഥനയെത്തുടർന്ന് 1991 ലാണ് അർത്തുങ്കൽ തുറമുഖം ആരംഭിച്ചത്.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രാവിലെ തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ചാനലിന്റെ ന്യൂസ് കോൺക്ലേവിൽ പങ്കെടുക്കും. 'ചെയ്ഞ്ച് മേക്കേഴ്സ്' എന്ന വിഷയത്തിലാണ് കോൺക്ലേവ്. വൈകിട്ട് സമാപന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കും.

രാജ്നാഥ് സിംഗിന്റെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവരെ ചേർത്തു പിടിച്ച് മികച്ച പുനരധിവാസ പദ്ധതി നടപ്പാക്കാൻ ഇന്നലെ മുഖ്യമന്ത്രി വിളിച്ച സർവ്വ കക്ഷിയോഗത്തിൽ തീരുമാനമായി. യോഗത്തിൽ എല്ലാവരും

ഒരേ വികാരം പ്രകടിപ്പിച്ചതിൽ മുഖ്യമന്ത്രി പിണറായി വിജയൻ നന്ദി അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.............വോയ്സ്..............

ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് 1000 സ്ക്വയർഫീറ്റിൽ ഒരേതരം ഒറ്റനില വീടുകളാണ് നിർമ്മിച്ചു നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി സർവ്വകക്ഷിയോഗത്തിൽ പറഞ്ഞു. ഭാവിയിൽ രണ്ടാമത്തെ നിലകൂടി നിർമ്മിക്കാൻ പറ്റുന്ന രീതിയിലായിരിക്കും അടിത്തറ പണിയുന്നത്.

വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കും പുനരധിവാസം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു. വിലങ്ങാട് മനുഷ്യ ജീവൻ നഷ്ടപ്പെടാതിരുന്നത് സാമൂഹ്യ ഇടപെടൽ കൊണ്ട് കൂടിയാണ്. അത്തരത്തിൽ ദുരന്ത മേഖലയിൽ ഇടപെടാൻ ആവശ്യമായ ബോധവൽക്കരണ സംവിധാനം ഒരുക്കുമെന്നും പുനരധിവാസ സ്ഥലത്ത് ആവശ്യമായ പൊതു ക്രമീകരണങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആദ്യഘട്ടത്തിൽ വീട് നഷ്ടപ്പെട്ടവർക്കാണ് പുനരധിവാസത്തിൽ മുൻഗണന. മാറി താമസിക്കേണ്ടി വന്നവരെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കും. പുനരധിവാസ പാക്കേജിൽ ജീവനോപാധി ഉറപ്പാക്കും. തൊഴിലെടുക്കാൻ കഴിയുന്ന പരമാവധി പേർക്കും തൊഴിൽ ഉറപ്പുവരുത്തും.

സ്ത്രീകൾക്ക് അവർ താൽപര്യം കാണിക്കുന്ന തൊഴിലിൽ ആവശ്യമായ പരിശീലനവും ഇതോടൊപ്പം നൽകും. വടകകെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെ കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും.

✪✪✪

ദുരിത ബാധിതരുടെ കടങ്ങൾ എഴുതി തള്ളുകയെന്ന പൊതുനിലപാടിലാണ് ബാങ്കിങ്ങ് മേഖലയെന്ന് മുഖ്യമന്ത്രി അറിയിച്ചു. എന്നാൽ ഇക്കാര്യത്തിൽ അവസാന തീരുമാനം ബാങ്ക് ഭരണ സമിതികളിലാണ് ഉണ്ടാകേണ്ടത്. റിസർവ്വ് ബാങ്കിനെയും കേന്ദ്ര ധനമന്ത്രാലയത്തെയും ഇക്കാര്യത്തിൽ ബന്ധപ്പെടും.

സെപ്തംബർ രണ്ടിന് മേഖലയിൽ സ്കൂൾ പ്രവേശനോത്സവം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വെള്ളാർമല ദുരന്തബാധിത സ്കൂൾ പുനർനിർമ്മിച്ച് നിലനിർത്താനാവുമോ എന്ന് വിദഗ്ധർ പരിശോധിക്കുമെന്നും പുനരധിവാസ സ്ഥലത്ത് ആവശ്യമായ വിദ്യാലയങ്ങൾ ഒരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കർഷകർക്ക് കൃഷി ചെയ്യാൻ പാക്കേജിന്റെ ഭാഗമായി സൗകര്യം ഏർപ്പെടുത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. യോഗത്തിൽ പ്രതിപക്ഷ നേതാവ് V.D സതീശനും പ്രമുഖ കക്ഷി നേതാക്കളും, ചീഫ് സെക്രട്ടറിയും പങ്കെടുത്തു.

✪✪✪

വയനാട് ദുരന്തബാധിത മേഖലയിലെ അധ്യാപകർക്കും രക്ഷിതാക്കൾക്കും മാനസിക പിന്തുണ നൽകാൻ ഇന്ന്

മേപ്പാടിയിൽ ഏകദിന പരിശീലനം നടത്തും. മന്ത്രി V.ശിവൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്യും. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഡയറ്റ്, SCERT, ആരോഗ്യ മേഖല, WCD എന്നിവയുടെ സഹകരണത്തോടെയാണ് പരിശീലനം.

നഷ്ടപ്പെട്ട പഠന ദിനങ്ങൾ തിരിച്ചു പിടിക്കാനും അക്കാദമിക് പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കാനും പ്രവേശനോത്സവത്തിന് എത്തുന്നവർക്ക് മാനസിക പിന്തുണ നൽകാനുമാണ് പരിശീലനം ലക്ഷ്യമിടുന്നത്. വെള്ളാർമല G.V ഹയർ സെക്കന്ററി, മുണ്ടക്കൈ GLP സ്കൂളുകളിലെ പുനഃപ്രവേശനോത്സവം സെപ്റ്റംബർ രണ്ടിന് മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂളിൽ നടത്തും.

✪✪✪

വിലങ്ങാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങളിൽ പുനരധിവാസ പ്രവർത്തനങ്ങൾ മുൻഗണനാ പട്ടികയുണ്ടാക്കി വേഗത്തിൽ നടപ്പാക്കണമെന്ന് നിയമസഭ പരിസ്ഥിതി സമിതി ചെയർമാൻ E.K വിജയൻ നിർദേശിച്ചു. വിലങ്ങാട് മേഖലാ സന്ദർശിച്ച ശേഷം കോഴിക്കോട് നാദാപുരം റസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിലങ്ങാട് ഉരുൾപ്പൊട്ടലിന്റെ തുടർ പഠനത്തിന് NIT-യുടെ സഹകരണത്തോടെ റഡാർ സർവ്വേയടക്കം നടത്തുമെന്നും E.K. വിജയൻ പറഞ്ഞു. ഉരുൾപൊട്ടലിൽ കൃഷി നാശം സംഭവിച്ച മുഴുവൻ പേരെയും നഷ്ടപരിഹാര പട്ടികയിൽ

ഉൾപ്പെടുത്താൻ ആവശ്യപ്പെടുമെന്ന് സമിതി അംഗം മോൻസ് ജോസഫ് പറഞ്ഞു. സമിതിയംഗങ്ങൾ ഇന്ന് വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ ചമ്പാട്, കതിരൂർ മേഖലയിൽ ഇന്നലെ വൈകിട്ടുണ്ടായ ചുഴലിക്കാറ്റിൽ വ്യാപക നാശനഷ്ടം ഉണ്ടായി. രണ്ട് സ്കൂളുകൾക്ക് മുകളിൽ മരം മുറിഞ്ഞുവീണു. പലയിടത്തും വൈദ്യുതി വിതരണം തടസ്സപ്പെട്ടു.

✪✪✪

മഞ്ചേശ്വരം നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടു. പ്രളയ സാധ്യത

മേഖലയിൽ നിന്ന് ആവശ്യമെങ്കിൽ മാറി താമസിക്കാൻ തയ്യാറാവണമെന്നും അതോറിറ്റി നിർദേശിച്ചു.

✪✪✪

കോർപ്പറേഷൻ മുനിസിപ്പൽ മേഖലകളിൽ രണ്ട് സെന്റ് വരെ ഭൂമിയിൽ നിർമ്മിക്കുന്ന 100 ചതുരശ്ര മീറ്റർ വരെ വിസ്തൃതമായ വീടുകൾ,0 വഴിയിൽ നിന്ന് പാലിക്കേണ്ട ദൂരപരിധിയിൽ ഇളവ് അനുവദിച്ചതായി മന്ത്രി M.B രാജേഷ് ഫേസ്ബുക്ക് പോസ്റ്റിൽ അറിയിച്ചു. മൂന്ന് മീറ്റർ വരെ വഴികളിൽ നിന്ന് പാലിക്കേണ്ട അകലം ഒരു മീറ്ററായി കുറച്ച് ചട്ടത്തിൽ ഭേദഗതി വരുത്തുമെന്ന് അദ്ദേഹം പറഞ്ഞു. താമസാവശ്യത്തിന് വേറെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്കാണ് ഇളവിന് അർഹത.

✪✪✪

ഭക്ഷണം കഴിക്കുന്ന എല്ലാവരും കൃഷിയുടെ ആനുകൂല്യം പറ്റുന്നവർ ആണെങ്കിലും പുതു തലമുറ കൃഷിയിലേക്ക് ഇറങ്ങാൻ താല്പര്യം കാണിക്കുന്നില്ലെന്ന് മന്ത്രി P. പ്രസാദ് അഭിപ്രായപ്പെട്ടു. അടുക്കള ഒഴിവാക്കി പാഴ്സൽ ഭക്ഷണം ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതോടെ ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായതായി അദ്ദേഹം പറഞ്ഞു. എറണാകുളം ജില്ലയിലെ ഒക്കൽ ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഫാമിനെ കാർബൺ ന്യൂട്രലായി പ്രഖ്യാപിച്ചു.

✪✪✪

പോക്സോ, ബാലനീതി, വിദ്യാഭ്യാസ അവകാശം എന്നീ മേഖലകളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം രാവിലെ തിരുവനന്തപുരത്ത് ആരംഭിക്കും. മന്ത്രി V. ശിവൻകുട്ടി വെള്ളയമ്പലം ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ പരിപാടി ഉദ്ഘാടനം ചെയ്യും. കർത്തവ്യ വാഹകർ നേരിടുന്ന പ്രശ്നങ്ങൾ വകുപ്പ് മേധാവികളുമായി ചർച്ച ചെയ്യാനും പരിഹാരം കണ്ടെത്താനുമാണ് യോഗം ചേരുന്നത്.

✪✪✪

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് മന്ത്രി K കൃഷ്ണൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും മറ്റ് അടിസ്ഥാന വിവരങ്ങളും വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരക്ഷ, സുരക്ഷ എന്നീ വെബ്സൈറ്റുകൾ വഴി നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയാനും പുതിയ വെബ്സൈറ്റിൽ ലിങ്ക് നൽകിയിട്ടുണ്ട്.

✪✪✪

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഇടപാടുകൾ 10,000 കോടി രൂപയാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. തിരുവനന്തപുരത്ത് KFC-യുടെ സ്റ്റാർട്ടപ്പ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

രാജ്യാന്തര തിമിംഗല സ്രാവ് ദിന പരിപാടി രാവിലെ തിരുവനന്തപുരത്ത് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വംശനാശ ഭീഷണി നേരിടുന്ന തിമിംഗല സ്രാവുകളുടെ സംരക്ഷണത്തിനാണ് ഓഗസ്റ്റ് 30-ന് രാജ്യാന്തര ദിനം ആചരിക്കുന്നത്.

തിരുനാവായ - തവനൂർ പാലത്തിന്റെ നിർമാണം സെപ്റ്റംബർ 8 ന് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. 2010ൽ നിർമാണത്തിന് ബജറ്റിൽ തുക ബജറ്റിൽ അനുവദിച്ചെങ്കിലും സ്ഥലമേറ്റെടുപ്പ് നീളുകയായിരുന്നു. നിലവിൽ പാലത്തിന്റെ പൈൽ ലോഡ് ടെസ്റ്റ് തുടങ്ങിയിട്ടുണ്ട്. 1180 മീറ്ററാണ് പാലത്തിന്റെ നീളം.

വയനാട് നെന്മേനി ഗ്രാമപഞ്ചായത്തിലെ മുരുക്കിയാടി ഊരാളി നഗറിൽ ഒരാൾക്ക് കോളറ സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പ്രദേശത്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് DMO പറഞ്ഞു. കഴിഞ്ഞ ദിവസങ്ങളിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 7 പേർക്ക് കോളറ സ്ഥിരീകരിച്ചിരുന്നു. ഇന്നലെ നൂൽപ്പുഴയിലും ചീരാലും ഓരോരുത്തരിൽ രോഗബാധ സ്ഥിരീകരിച്ചതോടെ രോഗികളുടെ എണ്ണം ഒൻപതായി. 18 പേർ വയറിളക്ക രോഗത്തിനും ചികിത്സയിലുണ്ട്.

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയുടെ ശീതൾ ദേവിയും രാകേഷ്കുമാറും അമ്പ് എയ്ത്ത് മിക്സഡ് കോമ്പൗണ്ട് വിഭാഗത്തിൽ റെക്കോർഡോടെ ക്വാർട്ടറിലെത്തി. 1399 പോയിന്റാണ് ഇരുവരും നേടിയത്. രണ്ടാം ദിനമായ ഇന്ന് ഇന്ത്യൻ അത്‌ലറ്റുകൾ വിവിധ ഇനങ്ങളിൽ മത്സരിക്കും.

✪✪✪

US ഓപ്പൺ ടെന്നീസ്, പുരുഷ ഡബിൾസ് ഓപ്പണിംഗ് മത്സരത്തിൽ ഇന്ത്യൻ-ഓസ്ട്രേലിയൻ ജോഡികളായ രോഹൻ ബൊപ്പണ്ണ-മാത്യൂ എബ്ഡൻ സഖ്യത്തിന് ജയം. ഡച്ച് ജോഡിയെയാണ് അവർ തോൽപിച്ചത്. ഇന്ന് രണ്ടാം റൗണ്ടിൽ R. കാർബല്ലെസ്- F കോറിയ എന്നിവരെ നേരിടും.

✪✪✪

ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ 128-ാം ജയന്തി ആഘോഷങ്ങളും സംഗീതോൽസവവും നാളെ പാലക്കാട് കോട്ടായി ചെമ്പൈ ഗ്രാമത്തിൽ ആരംഭിക്കും. രണ്ട് ദിവസത്തെ പരിപാടിയുടെ ഭാഗമായി ചെമ്പൈയുടെ 38-ാം ചരമ വാർഷികാചരണം ചെമ്പൈ വിദ്യാപീഠത്തിൽ K. രാധാകൃഷ്ണൻ MP ഉദ്ഘാടനം ചെയ്യും. ചെമ്പൈ സംഗീതോൽസവത്തിൽ കേരളത്തിന് അകത്തും പുറത്തും നിന്നെത്തുന്ന സംഗീതജ്ഞർ പങ്കെടുക്കും.

✪✪✪

കാപ്പി കർഷകർക്ക് കോഫി ബോർഡ് പുതിയ സബ്സിഡി പദ്ധതികൾ പ്രഖ്യാപിച്ചു. കിണർ, കുളം എന്നിവ നിർമ്മിക്കാനും ജലസേചന സാമഗ്രികൾ വാങ്ങാനും ആവർത്തന കൃഷി

നടത്താനും അവശ്യ ഉപകരണങ്ങൾ വാങ്ങാനും ധനസഹായം ലഭിക്കും.

✪✪✪

സാഹിത്യത്തിലെ വലിയ മൂല്യങ്ങളുടെ ആഘോഷം നിരന്തരം നിർവഹിച്ചതാണ് കോഴിക്കോടിന് ലഭിച്ച സാഹിത്യ നഗരി പദവി അംഗീകാരമെന്ന് കവി K.സച്ചിദാനന്ദൻ പറഞ്ഞു. കോഴിക്കോട് സംഘടിപ്പിച്ച അക്ഷരാർപ്പണം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കഴിഞ്ഞ അധ്യയന വർഷത്തെ നാഷണൽ സർവീസ് സ്കീം പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവണ്മെന്റ് നൽകുന്ന അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച സർവകലാശാല കോ-ഓർഡിനേറ്റർ അവാർഡ് കണ്ണൂർ സർവകലാശാലയിലെ ഡോ. T.P. നഫീസാ ബേബിയ്ക്കാണ്.

✪✪✪